**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 272** **22-02-2022 - ൽ മറുപടിയ്ക്ക്**

**ഹീമോഫീലിയ മരുന്നുകൾ ലഭ്യമാകുന്ന കേന്ദ്രങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. സി. മൊയ്തീൻ | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഹീമോഫീലിയ മരുന്നുകൾ ലഭ്യമാകുന്ന എത്ര കേന്ദ്രങ്ങൾ നിലവിലുണ്ട് എന്നറിയിക്കാമോ; ഹീമോഫിലിയ സൊസൈറ്റി വഴി ഉണ്ടായിരുന്ന മരുന്ന് വിതരണം നിലച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സംസ്ഥാനത്തെ താലൂക്ക് ആശുപത്രി, ജനറൽ ആശുപത്രി, ജില്ലാ ആശുപത്രി, മെഡിക്കൽ കോളേജ് തുടങ്ങിയ 69 സർക്കാർ ആശുപത്രികളിൽ നിന്നും ഹീമോഫീലിയ മരുന്ന് നിലവിൽ ലഭ്യമാക്കിയിട്ടുണ്ട്. ഹീമോഫീലിയ സൊസൈറ്റി വഴി ഹീമോഫീലിയ ചികിത്സയ്ക്കുള്ള മരുന്നുകൾ സർക്കാർ വിതരണം ചെയ്തിരുന്നില്ല. ഇത്തരത്തിലുള്ള മരുന്നുകൾ നിലവിലെ നിയമം അനുസരിച്ച് ഒരു രജിസ്റ്റേഡ് മെഡിക്കൽ പ്രാക്ടീഷണറുടെ നിർദ്ദേശ പ്രകാരം നിയമപരമായ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ച് ഉപയോഗിക്കേണ്ടുന്ന മരുന്നുകളാണ്. |
| (ബി) | മരുന്ന് ലഭ്യമാകുന്ന കേന്ദ്രങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ? | (ബി) | മരുന്ന് ലഭ്യമാകുന്ന കേന്ദ്രങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ട്. ജില്ലകളിൽ ജില്ലാ മെഡിക്കൽ ഓഫീസർ, ജില്ലാ പ്രോഗ്രാം മാനേജർ, കെ.എം.എസ്.സി.എൽ, ആശാധാര ജില്ലാ ഡേ കെയർ സെന്റർ നോഡൽ ഓഫീസർ തുടങ്ങിയ ഉന്നതതല കമ്മിറ്റി ജില്ലാതലത്തിൽ തീരുമാനിക്കുന്നത് അനുസരിച്ച് മറ്റ് ആശുപത്രികളിലും ഹീമോഫീലിയ മരുന്ന് ലഭ്യമാവുന്നതാണ്. |

സെക്ഷൻ ഓഫീസർ